**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.7245 3-11-2011-ലെ മറുപടിക്ക്

**എൻഡോസൾഫാൻ ദുരിതബാധിതരുടെ കടബാധ്യതകൾക്ക് ആശ്വാസം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>,, എ. പി. അബ്ദുള്ളക്കുട്ടി<br>,, റ്റി. എൻ. പ്രതാപൻ<br>,, ഐ. സി. ബാലകൃഷ്ണൻ | | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ എൻഡോസൾഫാൻ ദുരിതബാധിതരുടെ കടബാദ്ധ്യതകൾക്ക് ആശ്വാസം നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരായവർ സഹകരണ സ്ഥാപനങ്ങളിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി എടുത്തിട്ടുള്ള വായ്പകളുടെ തിരിച്ചടവിന് 31-10-2011 വരെ മൊറൊട്ടോറിയം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ജില്ലയിലെ എൻഡോസൾഫാൻ ബാധിതരുടെ ഹൗസിംഗ് ബോർഡ് വായ്പയിന്മേൽ റിക്കവറി നടത്തുന്നതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന മൊറൊട്ടോറിയം 2012 മാർച്ച് 31 വരെ നീട്ടി നൽകുവാൻ സർക്കാർ ഉത്തരവ് (എം.എസ്.)നം.384/11/റവ. തീയതി 22-10-11 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. |
| (ബി) | കടബാദ്ധ്യതകൾക്ക് മൊറോട്ടോറിയത്തിന്റെ കാലാവധി നീട്ടികൊടുക്കുന്ന കാര്യം ആലോചിച്ചിട്ടുണ്ടോ | (ബി)<br>&<br>(സി) | കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരുടെ കടബാദ്ധ്യതകൾ റിക്കവറി നടത്തുന്നതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന മൊറട്ടോറിയം 2012 മാർച്ച് 31 വരെ നീട്ടി നൽകുവാൻ 22-10-2011 ലെ ജി.ഒ. (എം.എസ്)384/11/റവ നമ്പർ ഉത്തരവു പ്രകാരം ജില്ലാകളക്ടർക്ക് അനുമതി നൽകിയിട്ടുണ്ട്. |
| (സി) | എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ